KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.189/PR/PIC/PHQ/18 Date : 31.07.2018

## എഫ്.എസ്.എൽ. ഡയറക്ടർക്കും എസ്.പി. മാർക്കും യാത്രയയപ്പ് നൽകി

സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഫോറൻസിക് സെൽ ഡയറക്ടർ ഡോ.ആർ. ശ്രീകുമാർ, എസ്.പി.മാരായ സി.പി. ഗോപകുമാർ, എൻ. വിജയകുമാർ, കെ.എം. ആന്റോ തിരുവനന്തപുരം സിറ്റി സായുധ സേന കമാൻഡന്റ് ബിജുകുമാർ എന്നിവർക്ക് പോലീസ് ആസ്ഥാനത്ത് യാത്രയയപ്പ് നൽകി. ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, ഫയർ ഫോഴ്സ് മേധാവി എ. ഹേമചന്ദ്രൻ, എ.ഡി.ജി.പി.മാരായ സുധേഷ് കുമാർ, നിതിൻ അഗർവാൾ, എസ്.ആനന്ദകൃഷ്ണൻ, ഐ ജി മാരായ മനോജ് എബ്രഹാം, ദിനേന്ദ്ര കശ്യപ്, പി വിജയൻ, ഡി ഐ ജി മാരായ ജി സ്പർജൻ കുമാർ, പി പ്രകാശ്, കെ സേതുരാമൻ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

30 വർഷത്തെ സേവനത്തിനുശേഷം എഫ്.എസ്.എൽ. ഡയറക്ടറായി വിരമിക്കുന്ന ഡോ, ആർ, ശ്രീകുമാർ 1988 ൽ ഫോറൻസിക് സയൻസ് ലാബിൽ സയന്റിഫിക് അസിസ്റ്റന്റായി സർവ്വീസിൽ പ്രവേശിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും സുവോളജിയിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദവും പി എച്ച് ഡി ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്. ഡി എൻ എ ടൈപ്പിങ്ങിൽ പ്രാവീണ്യമുള്ള ഇദ്ദേഹം കേരളത്തിലെ കോളിളക്കം സൃഷ്ടിച്ച പല കേസുകളിലും ഡി എൻ എ അനാലിസിസ് പ്രവർത്തനത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. .

37 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന സി.പി. ഗോപകുമാർ വിവിധ ജില്ലകളിൽ സബ്ബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ തുടങ്ങിയ ചുമതലകൾക്കു ശേഷം 2000 ൽ ഡെപ്യൂട്ടി സൂപ്രണ്ടായി. 2008 ൽ എസ്.പി. ആയി സ്ഥാനക്കയറ്റം ലഭിച്ചു. വിജിലൻസിൽ സ്പെഷ്യൽ സെൽ എസ് പി യായും എക്സൈസ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവിടങ്ങളിൽ ചീഫ് വിജിലൻസ് ഓഫീസറായും ജോലി ചെയ്തിട്ടുണ്ട്. 2012 ൽ ഐ പി എസ് സെലക്ഷനും ലഭിച്ചു. 2017 മുതൽ കേരള വൈദ്യുതി വകുപ്പിൽ ചീഫ് വിജിലൻസ് ഓഫീസറായി ജോലിനോക്കി വരുന്നു. സ്ത്യുത്യർഹസേവനത്തിന് 2012 ലെ രാഷ്ട്രപതിയുടെ പോലീസ് മെഡലും കേരള ഹൈക്കോടതിയുടെ പ്രശംസാപത്രം ഉൾപ്പെടെ വിവിധ അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

30 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന എൻ. വിജയകുമാർ 1988 മുതൽ അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറായി സർവ്വീസിൽ പ്രവേശിച്ചു. 1993 ൽ സബ്ബ് ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചു. 2007 ൽ ഡിവൈ.എസ്.പി യായി. സ്പെഷ്യൽ ബ്രാഞ്ചിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനിലും പ്രവർത്തിച്ചിട്ടുണ്ട്. 2015 ൽ സൂപ്രണ്ട് ഓഫ് പോലീസായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ട്രാഫിക് സൗത്ത്, നോർത്ത് എസ് പി ആയും സേവനം അനുഷ്ഠിച്ചു. എൻ സി സി യുടെ കേരളത്തിലെ നേവൽ വിങ്ങിന്റെ സീനിയർ കേഡറ്റ് ക്യാപ്റ്റനായും പ്രവർത്തിച്ചിട്ടുണ്ട്. ദുബായിലെ എമിറേറ്റ്സ് എയർലൈൻസിന്റെ മാനേജ്മെന്റ് ഡിപ്ലോമ ഇൻ ഏവിയേഷൻ സെക്യൂരിറ്റിയിലെ ഷിപ്പ് മോഡലിങ്ങിൽ മൂന്ന് സ്വർണ്ണവും മൂന്ന് വെള്ളി മെഡലും കരസ്ഥമാക്കിയിട്ടുണ്ട്. നിലവിൽ പോലീസ് ആസ്ഥാനത്ത് എൻ ആർ ഐ സെൽ എസ് പി ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

26 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന കെ.എം. ആന്റോ 1992 മുതൽ ആംഡ് പോലീസ്

സബ് ഇൻസ്പെക്ടറായി സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് 1995 ൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗം സബ് ഇൻസ്പെക്ടറായി. 2002 ൽ സർക്കിൾ ഇൻസ്പെക്ടറായും 2008 ൽ ഡിവൈ.എസ്.പി യായും സ്പെഷ്യൽ ബ്രാഞ്ച്, നാർകോട്ടിക് സെൽ, വിവിധ സബ് ഡിവിഷനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. 2017 ൽ സൂപ്രണ്ട് ഓഫ് പോലീസായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് പോലീസ് ആസ്ഥാനത്ത് സ്പെഷ്യൽ സെൽ എസ് പി ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

32 വർഷത്തെ സേവനത്തിനുശേഷം വിരമിക്കുന്ന ബിജുകുമാർ 1986ൽ സായുധസേനയിൽ റിസർവ്വ് സബ് ഇൻസ്പെക്ടറായി സർവ്വീസിൽ പ്രവേശിച്ചു. കേരള പോലീസിൽ റിസർവ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് കമാൻഡന്റ്, ഡെപ്യൂട്ടി കമാൻഡന്റ്, കമാൻഡന്റ് എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി സായുധ സേനയിലെ കമാൻഡന്റായി സേവനം അനുഷ്ഠിച്ചു വരുന്നു.

**ഫോട്ടോ ക്യാപ്ഷൻ :**

പോലീസ് ആസ്ഥാനത്ത് നടന്ന യാത്രയയപ്പ് ചടങ്ങിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്ന എഫ്.എസ്. എൽ. ഡയറക്ടർ ഡോ. ആർ. ശ്രീകുമാർ, എസ്.പി.മാരായ എൻ. വിജയകുമാർ, സി.പി. ഗോപകുമാർ, , കെ.എം. ആന്റോ, കമാൻഡന്റ് ബിജുകുമാർ എന്നിവർ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, ഫയർ ഫോഴ്സ് മേധാവി എ ഹേമചന്ദ്രൻ എന്നിവർക്കൊപ്പം.

*********


KERALA POLICE
CONFERENCE HALL
STATE POLICE CHIEF